**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2438** **30-09-2025 - ൽ മറുപടിയ്ക്ക്**

**കേരളാ അർബൻ കോൺക്ലേവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ,<br>ഡോ. എൻ. ജയരാജ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചിയിൽ നടന്ന കേരളാ അർബൻ കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | **അർബൻ കോൺക്ലേവിന്റെ ഉദ്ദേശലക്ഷ്യങ്ങൾ-**<br><br>1. ദീർഘകാല നഗരനയം തയ്യാറാക്കൽ: കോൺക്ലേവിലെ നിർദ്ദേശങ്ങളും കേരള നഗരനയ കമ്മീഷൻ റിപ്പോർട്ടിനെയും അടിസ്ഥാനമാക്കി കേരളത്തിനായി ഒരു സമഗ്ര നഗരനയം രൂപപ്പെടുത്തുക.<br><br>2. സുസ്ഥിരവും സമഗ്രവുമായ വളർച്ച പ്രോത്സാഹിപ്പിക്കുക: ആഗോളതലത്തിലെ മികച്ച രീതികളും കേരത്തിന്റെ അതുല്യമായ വികസനപാതയും ഉപയോഗപ്പെടുത്തിക്കൊണ്ട് കാലാവസ്ഥാ പ്രതിരോധശേഷി, തുല്യത ഉൾചേർക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകുന്ന സന്തുലിത നഗരവികസനത്തിനുള്ള ശുപാർശകൾ മുന്നോട്ട് വയ്ക്കുക.<br><br>3. ആഗോള പങ്കാളിത്തങ്ങളും വിജ്ഞാന വിനിമയവും വളർത്തുക: കേരളത്തിന്റെ നയപരമായ നവീകരണങ്ങൾ ഉയർത്തിക്കാട്ടുന്നതിന് അന്താരാഷ്ട്ര, ദേശീയ സ്ഥാപനങ്ങൾ , പങ്കാളികൾ, വിദഗ്ധർ എന്നിവരുമായി സഹകരണം ശക്തിപ്പെടുത്തുക, തുടർച്ചയായ അറിവ് പങ്കിടൽ, പരിശീലനം, ശേഷി വർദ്ധിപ്പിക്കൽ എന്നിവയ്ക്കുള്ള വേദികൾ സൃഷ്ടിക്കുക . |
| (ബി) | പ്രസ്തുത കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നയരൂപീകരണ നടപടികൾ അറിയിക്കുമോ; | (ബി) | അടിസ്ഥാനമേഖലകളുടെ വികസനത്തിന് ഊന്നൽ ജനപങ്കാളിത്തം ഉറപ്പാക്കിയും പ്രകൃതിസംരക്ഷണം, മാലിന്യ നിർമ്മാർജ്ജനം, നിർത്തടവികസനം, വിദ്യാഭ്യാസം, ആരോഗ്യം, പാർപ്പിടം തുടങ്ങി നിരവധി മേഖലകളിൽ അത്ഭുതകരമായ മാറ്റങ്ങൾക്കു തദ്ദേശ സ്ഥാപനങ്ങൾ നേതൃത്വം നൽകിവരുന്ന കേരളത്തിന്റെ നഗരവൽക്കരണ സ്വഭാവവും സങ്കീർണ്ണതയും പ്രശ്നങ്ങളും ഉൾക്കൊണ്ട് അതീവ |

സങ്കീർണമായ നഗരവൽകരണ പ്രക്രിയയ്ക്ക് വിധേയമായതും, കാലാവസ്ഥ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ ശക്തമായി അനുഭവിക്കുന്നതുമായ നമ്മുടെ സംസ്ഥാനത്തിന്റെ വികസന കാഴ്ചപാടിന് അനുസൃതമായി ഹ്രസ്വകാല, ദീർഘകാല ലക്ഷ്യങ്ങൾ ഉൾപ്പെടുത്തികൊണ്ട് അടുത്ത 25 വർഷത്തെ വികസനപ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുന്നതിന്റെ ഭാഗമായി സമഗ്ര നഗരനയം രൂപികരിക്കുന്നതിനായി ഇന്ത്യയിൽ ആദ്യമായി കേരളം "നഗരനയ കമ്മീഷൻ" രൂപീകരിച്ചു. കേരള നഗരനയ കമ്മീഷൻ 2024 ഡിസംബറിൽ ഇടക്കാല റിപ്പോർട്ടും 2025 മാർച്ച് 30 ന് അന്തിമ റിപ്പോർട്ടും സമർപ്പിച്ചു.

കേരള നഗരനയ കമ്മീഷൻ പത്ത് വിഷയ മേഖലകളിൽ പ്രവർത്തനം നടത്തി, ദേശീയ-അന്തർദേശീയ സ്ഥാപനങ്ങളുമായി ചേർന്ന് 33 ലഘുപഠനങ്ങളും 50 -തിലധികം സ്റ്റേക്ക് ഹോൾഡർ ചർച്ചകളും സംഘടിപ്പിച്ചു. ജനപ്രതിനിധികൾ, മുനിസിപ്പൽ ഉദ്യോഗസ്ഥർ, സ്ത്രീകൾ, കുട്ടികൾ, യുവാക്കൾ, സ്വകാര്യ - പൊതു മേഖലാ ഏജൻസികൾ, പ്രവർത്തക സംഘങ്ങൾ തുടങ്ങി വിവിധ വിഭാഗങ്ങളെ ഉൾപ്പെടുത്തി മൊത്തത്തിൽ 4000-ത്തിലധികം പേർ പങ്കാളികളായി. ഇവിടങ്ങളിൽ നിന്നുയർന്ന ആശയങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടാണ് കേരള നഗരനയ കമ്മീഷൻ റിപ്പോർട്ട് അന്തിമമാക്കിയത്.

2025 സെപ്റ്റംബർ മാസം 12 & 13 തീയതികളിലായി കൊച്ചിയിൽ വച്ച് സംഘടിപ്പിച്ച "കേരള അർബൻ കോൺക്ലേവ് 2025" ൽ, 12 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെട്ട 34 സെഷനുകളിലായി 295 പ്രഭാഷകർ പങ്കെടുക്കുകയും ചെയ്തു. കേരള അർബൻ കോൺക്ലേവിൽ മൂന്ന് ഹൈലെവൽ പൊളിറ്റിക്കൽ ഫോറങ്ങളും, അഞ്ച് പ്ലീനറി സെഷനുകളും പത്ത് പോളിസി സെഷനുകളും, രണ്ട് ഫോക്കസ് സെഷൻ ചർച്ചകളും, മൂന്ന് ഫയർ സൈഡ് ചാറ്റ്സും, പതിനൊന്ന് റൗണ്ട് ടേബിൾ സെഷനുകളും നടന്നു. സമഗ്രമായ സംവാദങ്ങൾക്കും ആശയവിനിമയങ്ങൾക്കും അടിസ്ഥാനമായി ഏകദേശം 300 പ്രായോഗിക നിർദ്ദേശങ്ങൾ രൂപപ്പെട്ടു.

കേരള നഗരനയ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ഇടക്കാല - ദീർഘകാല ശിപാർശകൾ കോൺക്ലേവിൽ പ്രസ്തുത വിഷയങ്ങളുമായി ബന്ധപ്പെട്ട് നടന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ

| | | | |
|---|---|---|---|
| | | | സമന്വയിപ്പിച്ച് , പ്രാദേശിക സാമ്പത്തിക വികസനം, നവീനമായ നഗരധനാഗമ മാർഗ്ഗങ്ങൾ, കാലാവസ്ഥാ വ്യതിയാനം, ഉൾച്ചേർന്നതും ശാസ്ത്രീയവുമായ നഗരാസൂത്രണം ഗവണ്മെന്റ് ഡാറ്റാധിഷ്ഠിതവും പ്രൊഫഷണൽ സ്വഭാവമയുള്ള നഗരഭരണം, പുതിയ നഗരഭരണ പങ്കാളിത്ത മാതൃകകൾ തുടങ്ങി വിവിധ വിഷയ മേഖലകൾക്ക് ഊന്നൽ നൽകി കൊണ്ട് ദീർഘകാല ഹ്രസ്വകാല അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ടതുമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സംവിധാനങ്ങൾ, സമീപനങ്ങൾ, നിയമപരമായ പരിഷ്കാരങ്ങൾ ഏതൊക്കെ, എന്ന് കണ്ടെത്തി അപ്രകാരം നയപരമായ നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ഒരു നഗരനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | സാമ്പത്തിക, പാർപ്പിട, തൊഴിൽ, സുരക്ഷാ മേഖലകളിലെ മാറ്റങ്ങൾ ഉൾക്കൊള്ളുന്നതിൽ കോൺക്ലേവിൽ ഉയർന്നുവന്ന പ്രധാന നിർദേശങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | 1. ദാരിദ്ര്യ നിർമ്മാർജ്ജന ലക്ഷ്യയങ്ങളിലൂന്നിയ നിലവിലെ പ്രാദേശിക സാമ്പത്തിക വികസന തന്ത്രങ്ങളിലുപരിയായി ഒരു വളർച്ചാധിഷ്ഠിത സമീപനത്തിലേക്ക് പ്രാദേശിക സാമ്പത്തിക വികസനം മാറണം, ഫണ്ടിംഗിലുള്ള അമിത ആശ്രിതത്വം കുറച്ചു കൊണ്ട് ധനസഹായ രീതിയിലേക്ക് പ്രാദേശിക സാമ്പത്തിക വികസനം മാറേണ്ടതുണ്ട്. അത്തരമൊരു മാറ്റം സംസ്ഥാന വിഭജിത വിഭവങ്ങളെ ആശ്രയിക്കുന്നത് കുറയ്ക്കുകയും സ്വന്തം വരുമാന സ്രോതസ്സുകളും ആസ്തികളും ഫലപ്രദമായി പ്രയോജനപ്പെടുത്താൻ തദ്ദേശസ്വയംഭരണ (ULB) സ്ഥാപനങ്ങളെ പ്രാപ്തരാക്കുകയും ചെയ്യേണ്ടതാണ്.<br><br>2.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ (ULB) പ്രാദേശിക സാമ്പത്തിക വികസനം നയിക്കാൻ കഴിവുള്ള ഒരു സ്ഥാപനഘടന സ്ഥാപിക്കുന്നതിന്, ഓരോ ULB- യിലും സിറ്റി ബിസിനസ് ഡെവലപ്മെന്റ് കൗൺസിലുകൾ രൂപീകരിക്കേണ്ടതാണ്. ബിസിനസ്, സംരംഭക ഗ്രൂപ്പുകളുടെ പ്രതിനിധികളോടൊപ്പം രാഷ് ട്രീയ നേതൃത്വവും ഈ കൗൺസിലുകളിൽ ഉണ്ടായിരിക്കണം.<br><br>3. ക്ലസ്റ്റർ അധിഷ്ഠിത സമീപനത്തിലൂടെ അവരുടെ സാമ്പത്തിക പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നഗര പ്രദേശങ്ങളുടെ താരതമ്യ നേട്ടങ്ങൾ തിരിച്ചറിയുന്നതിനും പ്രയോജനപ്പെടുത്തുന്നതിനുമുള്ള ഒരു ഘടനാപരമായ പദ്ധതി വികസിപ്പിക്കേണ്ടതും ഇത് നേടുന്നതിന്, സമഗ്രമായ നഗര പ്രാദേശിക സാമ്പത്തിക വികസന പദ്ധതികൾ തയ്യാറാക്കാൻ ULB- കളെ പ്രാപ്തരാക്കുകയും ചെയ്യെണ്ടതാണ്. |

| | | | |
|---|---|---|---|
| | | | 4. പരമ്പരാഗത ഐടി സേവനങ്ങളിൽ നിന്ന് ആഗോള ശേഷി കേന്ദ്രങ്ങളിലേക്ക് (GCC -കൾ) ആഗോള മാറ്റം സംഭവിക്കുന്നുണ്ടെന്ന് ശ്രദ്ധിക്കപ്പെടുന്നു, ഇന്ത്യ ഒരു പ്രധാന കേന്ദ്രമായി ഉയർന്നുവരുന്നു. അതിനാൽ, സീഡ് ലെവൽ ഫിനാൻസിംഗിനപ്പുറം സ്റ്റാർട്ടപ്പുകളെയും GCC നിക്ഷേപങ്ങളെയും ആകർഷിക്കാനും പരിപോഷിപ്പിക്കാനും സംസ്ഥാനത്തെ സ്ഥാപിക്കുന്ന മേഖലാവികസന തന്ത്രങ്ങൾക്ക് കേരളം മുൻഗണന നൽകേണ്ടത് അത്യാവശ്യമാണ്.<br><br>5 പ്രാദേശിക തൊഴിൽ ഉറപ്പാക്കാൻ സംസ്ഥാന തലത്തിൽ ഒരു AUEGS സംവിധാനം നിലവിലുണ്ടെങ്കിലും , നിലവിലെ ഘടന അതിന്റെ പൂർണ്ണ ശേഷി പ്രയോജനപ്പെടുത്താൻ അപര്യാപ്തമാണ്. ശ്രദ്ധാപൂർവ്വമായ ഒരു വിലയിരുത്തൽ നടത്തുകയും തുടർന്ന് ഉയർന്നുവരുന്ന പ്രാദേശിക സാമ്പത്തിക വികസന മുൻഗണനകളുമായി അതിനെ യോജിപ്പിക്കുന്നതിനുള്ള നടപടികൾ പുന:ക്രമീകരിക്കുകയും ശക്തിപ്പെടുത്തുകയും വേണം.<br><br>6. പാർശ്വവൽകരിക്കപ്പെടുന്ന സമൂഹങ്ങളിലെ കുട്ടികളടക്കം എല്ലാവരും പങ്കാളികളാകുന്ന രീതിയിൽ പദ്ധതികൾ തയ്യാറാക്കണം; ശുചിത്വവും സുരക്ഷിതവുമായ പൊതുസ്ഥലങ്ങൾ ഒരുക്കുകയും, കുട്ടികളുടെ ആരോഗ്യത്തെയും ക്ഷേമത്തെയും മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ